| 22-04-2022 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളെ, ബാബ വന്നിരിക്കുകയാണ് നിങ്ങൾ കുട്ടികളിൽ നിന്നും ദാനം സ്വീകരിക്കുന്നതിന്, നിങ്ങളുടെയടുത്ത് എന്തെല്ലാം പഴയ മാലിന്യങ്ങളുണ്ടോ അവ ദാനം ചെയ്യൂ എങ്കിൽ പുണ്യാത്മാവായി തീരും.**

**ചോദ്യം-** പുണ്യത്തിന്റെ ലോകത്തിലേക്ക് പോകുന്ന കുട്ടികൾക്കുള്ള ബാബയുടെ ശ്രീമത്തെന്താണ്?
**ഉത്തരം-** പുണ്യത്തിന്റെ ലോകത്തിലേക്ക് പോകണമെങ്കിൽ സർവ്വരോടുമുള്ള മമത്വം കളയൂ. പഞ്ചവികാരങ്ങളെ ഉപേക്ഷിക്കൂ. ഈ അന്തിമ ജന്മത്തിൽ ജ്ഞാനചിതയിൽ ഇരിക്കൂ. പവിത്രമാകൂ എങ്കിൽ പുണ്യാത്മാവായി പുണ്യലോകത്തിലേക്ക് പോകാൻ സാധിക്കും. ജ്ഞാന യോഗത്തെ ധാരണ ചെയ്ത് തന്റെ പെരുമാറ്റത്തെ ദേവീകമാക്കൂ. ബാബയുമായി സത്യമായ വ്യാപാരം ചെയ്യൂ. ബാബ നിങ്ങളിൽ നിന്നും ഒന്നും സ്വീകരിക്കുന്നില്ല, കേവലം മമത്വത്തെ കളയുന്നതിനുള്ള യുക്തി കേൾപ്പിക്കുന്നു. ബുദ്ധി കൊണ്ട് സർവ്വതും ബാബയിലർപ്പിക്കൂ.

**ഗീതം-** ഈ പാപത്തിന്റെ ലോകത്തിൽ നിന്നും.....

**ഓം ശാന്തി**. ലോകത്തിലെ മനുഷ്യർ അഥവാ രാവണരാജ്യത്തിലെ മനുഷ്യർ വിളിക്കുന്നുണ്ട്- ഹേ പതിത പാവനാ വരൂ. പാവന ലോകം അഥവാ പുണ്യത്തിന്റെ ലോകത്തിലേക്ക് കൊണ്ടു പോകൂ. ഗീതം ഉണ്ടാക്കിയവർ ഈ കാര്യങ്ങളൊന്നും മനസ്സിലാക്കുന്നില്ല. വിളിക്കുന്നുണ്ട്- രാവണ രാജ്യത്തിൽ നിന്നും രാമ രാജ്യത്തിലേക്ക് കൊണ്ടു പോകൂ എന്ന്, എന്നാൽ സ്വയത്തെ പതിതമാണെന്ന് മനസ്സിലാക്കുന്നില്ല. ബാബ തന്റെ കുട്ടികളുടെ സന്മുഖത്തിരിക്കുന്നു. രാമ രാജ്യത്തിലേക്ക് കൊണ്ടു പോകുന്നതിന്, ശ്രേഷ്ഠമാകുന്നതിന് ശ്രീമത്ത് നല്കി കൊണ്ടിരിക്കുന്നു. ഭഗവാന്റെ വാക്കുകളാണ്- രാമ ഭഗവാന്റെ വാക്കുകളല്ല. സീതയുടെ പതിയെ ഭഗവാൻ എന്നു പറയില്ല. ഭഗവാൻ നിരാകാരനാണ്. നിരാകാരി, സാകാരി, ആകാരി മൂന്നു ലോകങ്ങളുണ്ട്. നിരാകാരനായ പരമാത്മാവ് നിരാകാരി കുട്ടികളോടൊപ്പം(ആത്മാക്കൾ) നിരാകാരി ലോകത്തിൽ വസിക്കുന്നു. ഇപ്പോൾ ബാബ വന്നിരിക്കുകയാണ്- സ്വർഗ്ഗീയ രാജ്യ ഭാഗ്യം നല്കുന്നതിന്, നമ്മെ പുണ്യാത്മാവാക്കുന്നതിന്. രാമ രാജ്യം അർത്ഥം ദിനം, രാവണ രാജ്യം അർത്ഥം രാത്രി. അജ്ഞാനം അഥവാ ഭക്തി, ഈ കാര്യങ്ങൾ മറ്റാർക്കും അറിയില്ല. നിങ്ങളിലും വിരളം പേരേ ഇതറിയുന്നുള്ളൂ. ഈ ജ്ഞാനം ധാരണ ചെയ്യുന്നതിന് ബുദ്ധി പവിത്രമായിരിക്കണം. മുഖ്യമായ കാര്യം ഓർമ്മയാണ്. നല്ല സാധനങ്ങൾ സദാ ഓർമ്മ ഉണ്ടായിരിക്കും. നിങ്ങൾ എന്ത് പുണ്യമാണ് ചെയ്യേണ്ടത്? നിങ്ങളുടെയടുത്തുള്ള മാലിന്യങ്ങൾ അത് എന്നിൽ അർപ്പണം ചെയ്യൂ. മനുഷ്യർ മരിക്കുമ്പോൾ അവർ ഉപയോഗിച്ച കിടക്ക, വസ്ത്രങ്ങൾ, വസ്തുക്കൾ സർവ്വതും ക്രിയാകർമ്മങ്ങൾ ചെയ്യുന്നവർക്കു നൽകുന്നു. അവർ വേറെ വിഭാഗത്തിൽപ്പെട്ട ബ്രാഹ്മണരാണ്. ഇപ്പോൾ ബാബ വന്നിരിക്കുകയാണ് നിങ്ങളിൽ നിന്നും ദാനം സ്വീകരിക്കുന്നതിന്. ഈ പഴയ ലോകം, പഴയ ശരീരം സർവ്വതും ജീർണ്ണിച്ചിരിക്കുകയാണ്. ഇത് എനിക്ക് നല്കൂ, ഇതിനോടുള്ള മമത്വത്തെയില്ലാതാക്കൂ. 10-20 കോടിയുണ്ടെങ്കിലും, ബാബ പറയുന്നു ഇതിൽ നിന്നും ബുദ്ധിയെ വിടുവിക്കൂ. പകരമായി നിങ്ങൾക്ക് സർവ്വതും പുതിയ ലോകത്തിൽ ലഭിക്കും, ഇത് എത്ര ലാഭമുള്ള വ്യാപാരമാണ്. ബാബ പറയുന്നു ആരിലാണൊ ഞാൻ പ്രവേശിച്ചിരിക്കുന്നത്, അദ്ദേഹം സർവ്വതും ബാബയ്ക്ക് നല്കി. ഇപ്പോൾ നോക്കൂ- അതിനു പകരമായി എത്ര രാജ്യ ഭാഗ്യം ലഭിക്കുന്നു. കുമാരിമാർ ഒന്നും നല്കേണ്ട ആവശ്യമില്ല. സമ്പത്ത് ലഭിക്കുന്നത് ആൺകുട്ടികൾക്കാണ് അതിനാൽ അവർക്ക് സമ്പത്തിന്റെ ലഹരിയുണ്ടാകുന്നു. ഇന്നത്തെക്കാലത്ത് സ്ത്രീയെ ഹാഫ് പാർട്ണർ ആക്കുന്നില്ല, സർവ്വതും കുട്ടികൾക്ക് തന്നെ നല്കുന്നു. ഭർത്താവ് മരിച്ചാൽ സ്ത്രീയെ ആരും അന്വേഷിക്കുക പോലുമില്ല. ഇവിടെ നിങ്ങൾ ബാബയിൽ നിന്നും ഫുൾ സമ്പത്തെടുക്കുന്നു. ഇവിടെ സ്ത്രീ പുരുഷൻ എന്ന ചോദ്യമേയില്ല. സർവ്വരും സമ്പത്തിന്റെ അധികാരികളാണ്. മാതാക്കൾക്കും കന്യകമാർക്കും കൂടുതൽ അവകാശം ലഭിക്കുന്നു, കാരണം കന്യകമാർക്ക് ലൗകീക അച്ഛന്റെ സമ്പത്തിൽ മമത്വമില്ല. വാസ്തവത്തിൽ നിങ്ങൾ സർവ്വരും കുമാരൻമാരും കുമാരികളുമായി തീർന്നു. ബാബയിൽ നിന്നും എത്ര സമ്പത്ത് നേടി. ഒരു കഥയുണ്ട്- രാജാവ് തന്റെ കുട്ടികളോട് ചോദിച്ചു- നിങ്ങൾ ഭക്ഷിക്കുന്നത് ആരുടെ സമ്പാദ്യമാണ്? ഒരാൾ പറഞ്ഞു- തന്റെ ഭാഗ്യം എന്ന്. അപ്പോൾ രാജാവ് അയാളെ ഇറക്കി വിട്ടു. അയാൾ അച്ഛനേക്കാൾ സമ്പന്നമായി, അച്ഛനെ ക്ഷണിച്ചു, ചോദിച്ചു ഇപ്പോൾ ആരുടേതാണ് ഭക്ഷിക്കുന്നതെന്ന്? അതിനാൽ ബാബയും പറയുന്നു കുട്ടികളെ, നിങ്ങൾ സർവ്വരും നിങ്ങളുടെ ഭാഗ്യത്തെയുണ്ടാക്കുന്നു.

ഡൽഹിയിൽ ഒരു ഗ്രൗണ്ടുണ്ട്, അതിന്റെ പേര് രാമലീലാ ഗ്രൗണ്ട് എന്നാണ്. വാസ്തവത്തിൽ പേര് വയ്ക്കേ

ണ്ടത് രാവണലീല എന്നാണ് കാരണം ഈ സമയത്ത് മുഴുവൻ വിശ്വത്തിലും രാവണന്റെ ലീലയാണ് നടന്നു കൊണ്ടിരിക്കുന്നത്. കുട്ടികൾ രാമലീല ഗ്രൗണ്ടിൽ ചിത്രങ്ങൾ പ്രദർശിപ്പിക്കണം. ഒരു ഭാഗത്ത് രാമന്റെ ചിത്രം ഉണ്ടായിരിക്കണം, താഴെ രാവണന്റെ ചിത്രവും. വളരെ വലിയ സൃഷ്ടി ചക്രവും ഉണ്ടാകണം. അതിൽ എഴുതണം– ഇത് രാമ രാജ്യം, ഇത് രാവണ രാജ്യമെന്ന്, അപ്പോൾ മനസ്സിലാക്കാൻ സാധിക്കും. ദേവതമാർക്ക് നോക്കൂ എത്ര മഹിമയാണ്– സർവ്വഗുണ സമ്പന്നർ...അരകല്പം കലിയുഗി ഭ്രഷ്ടാചാരിയാണ്, രാവണരാജ്യം.....അതിൽ സർവ്വരും വരുന്നു. ഇപ്പോൾ രാവണ രാജ്യത്തിന്റെ അന്ത്യം രാമൻ തന്നെയാണ് ചെയ്യുന്നത്. ഈ സമയത്ത് രാമലീലയില്ല, മുഴുവൻ ലോകത്തിലും രാവണലീലയാണ്. രാമലീലയുള്ളത് സത്യയുഗത്തിലാണ്. എന്നാൽ സർവ്വരും സ്വയത്തെ വിവേകശാലികളെന്നു മനസ്സിലാക്കുന്നു. ശ്രീ ശ്രീയുടെ ടൈറ്റിൽ വയ്ക്കുന്നുണ്ട്. ഈ ടൈറ്റിൽ നിരാകാരനായ പരമപിതാ പരമാത്മാവിന്റേതാണ്, ആ പരമാത്മാവിലൂടെയാണ് ശ്രീ ലക്ഷ്മി–നാരായണൻ പോലും രാജ്യം നേടുന്നത്. ഇപ്പോൾ ബാബ വന്നിരിക്കുന്നു, നിങ്ങളെ ഭക്തിയാകുന്ന അന്ധകാരത്തിൽ നിന്നും മുക്തമാക്കി പ്രകാശത്തിലേക്ക് കൊണ്ടു പോകുന്നു. ജ്ഞാന യോഗമുള്ളവരുടെ പെരുമാറ്റവും ദേവീകമായിരിക്കും. ആസുരീയ പെരുമാറ്റമുള്ളവർക്ക് ആരുടെയും മംഗളം ചെയ്യാൻ സാധിക്കില്ല. പെട്ടെന്ന് അറിയാൻ സാധിക്കും– ഇവരിൽ ആസുരീയ അവഗുണമാണോ അതോ ദേവീക ഗുണമാണോ ഉള്ളതെന്ന്. ഇപ്പോൾ വരെ ആരും സമ്പൂർണ്ണമായിട്ടില്ല. ഇപ്പോൾ ആയികൊണ്ടിരിക്കുന്നു, അതിനാൽ ബാബ ദാതാവാണ്, നിങ്ങളിൽ നിന്നും എന്ത് സ്വീകരിക്കും? എന്തെല്ലാം എടുക്കുന്നുവൊ അതെല്ലാം നിങ്ങളുടെ സേവനത്തിന് വേണ്ടി തന്നെ ഉപയോഗിക്കുന്നു. ബാബ ബ്രഹ്മാവിനെയും സമർപ്പണമാക്കി– ഭട്ഠി വെക്കണമായിരുന്നു, കുട്ടികളെ പാലിക്കണം. പൈസയില്ലാതെ ഇത്രയും പേരെ എങ്ങനെ പാലിക്കാൻ സാധിക്കും. ആദ്യം ബാബ ഇദ്ദേഹത്തെ അർപ്പണം ചെയ്യിച്ചു, പിന്നെ ആര് വന്നുവൊ അവരെയും അർപ്പണം ചെയ്യിച്ചു. പക്ഷെ എല്ലാവരുടെയും അവസ്ഥ ഏകരസമല്ല, വളരെ പേർ ബാബയെ വിട്ടു പോയി.(പൂച്ചക്കുട്ടിയുടെ കഥയുടെ ഉദാഹരണം) പുരുഷാർത്ഥത്തിന്റെ നമ്പറനുസരിച്ച് സർവ്വരും പാകമായി പുറത്ത് വന്നു. ബാബ പുണ്യത്തിന്റെ ലോകത്തിലേക്കാണ് കൊണ്ടു പോകുന്നത്. കേവലം പറയുന്നു– 5 വികാരങ്ങളെ ഉപേക്ഷിക്കൂ. ഞാൻ നിങ്ങളെ രാജകുമാരനും രാജകുമാരിയുമാക്കാം. ബ്രഹ്മാവിന്റെ സാക്ഷാത്ക്കാരം വീട്ടിലിരിക്കെ വളരെ പേർക്ക് ഉണ്ടാകുന്നു. അവിടെയിരുന്ന് എഴുതി അയക്കുന്നു– ബാബാ ഞാൻ അങ്ങയുടേതായി, എന്റെ സർവ്വതും അങ്ങയുടേതാണ്. ബാബ ഒന്നും എടുക്കുന്നില്ല. ബാബ പറയുന്നു സർവ്വതും തന്റെയടുത്ത് വയ്ക്കൂ. ഇവിടെ കെട്ടിടം പണിയുന്നുണ്ട്, ചിലർ ചോദിക്കുന്നു പൈസ എവിടെ നിന്നു ലഭിച്ചുവെന്ന്. ബാബയ്ക്ക് ഇത്രയും അനവധി കുട്ടികളുണ്ട്. പ്രജാപിതാ ബ്രഹ്മാവിന്റെ പേര് കേട്ടിട്ടില്ലേ. പറയുന്നു– കേവലം മമത്വത്തെ കളയൂ, നിങ്ങൾക്ക് തിരികെ പോകണം. ബാബയെ ഓർമ്മിക്കൂ. നമ്മളെ ഭഗവാനാണ് പഠിപ്പിക്കുന്നത് അതിനാൽ സന്തോഷത്തിന്റെ ലഹരി വർദ്ധിക്കണം. ലക്ഷ്മീ നാരായണനെ ഭഗവാൻ എന്നു പറയില്ല, ദേവീ ദേവതാ എന്നു പറയും. ഭഗവാന്റെയടുത്ത് ഭഗവതി ഉണ്ടായിരിക്കില്ല. എത്ര യുക്തിയോടെയുള്ള കാര്യമാണ്. സന്മുഖത്ത് വരാതെ ഈ കാര്യങ്ങൾ മനസ്സിലാക്കാൻ സാധിക്കില്ല. പാടുന്നുണ്ട്– അങ്ങ് തന്നെയാണ് മാതാവും പിതാവുമെന്ന്....ജ്ഞാനം ഇല്ലാത്തത് കാരണം ലക്ഷ്മീ നാരായണന്റെ മുന്നിൽ, ഹനുമാന്റെ മുന്നിൽ, ഗണേശന്റെ മുന്നിൽ പോയി ഈ മഹിമ പാടുന്നു. അവർ സാകാരിയായിരുന്നു, അവരുടെ കുട്ടികളാണ് അവരെ മാതാ പിതാവെന്നു വിളിക്കുന്നത്. നിങ്ങൾ അവരുടെ കുട്ടികളാണോ? നിങ്ങൾ രാവണന്റെ രാജ്യത്തിലാണ്. ഈ ബ്രഹ്മാവും മാതാവാണ്. ബ്രഹ്മാവിലൂടെ ബാബ പറയുന്നു നിങ്ങൾ എന്റെ കുട്ടികളാണ്. എന്നാൽ മാതാക്കളെയും കുമാരിമാരെയും സംരക്ഷിക്കുന്ന മാതാവും വേണം. ദത്തെടുത്ത കുട്ടിയാണ്– ബി.കെ സരസ്വതി. എത്ര ഗുഹ്യമായ കാര്യങ്ങളാണ്. ബാബ നല്കുന്ന ജ്ഞാനം ശാസ്ത്രങ്ങളിലൊന്നുമില്ല. ഭാരതത്തിന്റെ മുഖ്യമായ ശാസ്ത്രമാണ് ഗീത, അതിൽ ജ്ഞാനത്തിന്റെ പഠിത്തത്തിന്റെ കാര്യങ്ങളാണ് ഉള്ളത്. അതിൽ ചരിത്രത്തിന്റെ കാര്യമേയില്ല. ജ്ഞാനത്തിലൂടെയാണ് പദവി ലഭിക്കുന്നത്.

ബാബ ജാലവിദ്യക്കാരനാണ്. നിങ്ങൾ പാടാറുണ്ട് രത്നാകരൻ, ജാലവിദ്യക്കാരൻ.....സ്വർഗ്ഗത്തിലേക്ക് പോകുന്നതിന് നിങ്ങളുടെ സഞ്ചി നിറയ്ക്കുന്നു. സാക്ഷാത്ക്കാരം ഭക്തിമാർഗ്ഗത്തിലും ഉണ്ടാകുന്നു, എന്നാൽ അതിലൂടെ യാതൊരു നേട്ടവുമില്ല. എഴുതുകയും പഠിക്കുകയും വേണം എന്നാൽ യോഗ്യരാകും.....സാക്ഷാത്ക്കാരത്തിലൂടെ നിങ്ങൾ അതേപോലെയായി തീരുന്നുണ്ടോ? സാക്ഷാത്ക്കാരം ഞാനാണ് ചെയ്യിക്കുന്നത്. കല്ലിന്റെ മൂർത്തി സാക്ഷാത്ക്കാരം ചെയ്യിക്കില്ല. തീവ്ര ഭക്തിയിൽ ശുദ്ധ ഭാവന വയ്ക്കുന്നുണ്ട്. അതിന്റെ ഫലം ഞാനാണ് നല്കുന്നത്, എന്നാൽ തമോപ്രധാനമാകുക തന്നെ വേണം. മീരയ്ക്ക് സാക്ഷാത്ക്കാരം ഉണ്ടായി എന്നാൽ ജ്ഞാനമൊന്നും ഉണ്ടായിരുന്നില്ല. മനുഷ്യൻ ഓരോ ദിനം തോറും തമോപ്രധാനമായി തീരും. ഇപ്പോൾ സർവ്വ മനുഷ്യരും പതിതരാണ്. പാടുന്നുണ്ട്– ഞങ്ങളെ സുഖവും ശാന്തിയുമുള്ള സ്ഥലത്തേക്ക് കൊണ്ടു പോകൂ.

നിങ്ങൾ ഭാരതവാസികൾക്ക് സത്യയുഗത്തിൽ വളരെ സുഖമായിരുന്നു. സത്യയുഗത്തിന്റെ പേര് പ്രശസ്തമല്ലേ. സ്വർഗ്ഗം ഭാരതത്തിൽ തന്നെയായിരുന്നു- എന്നാൽ മനസ്സിലാക്കുന്നേയില്ല. ഇതും അറിയാം ഭാരതം തന്നെയായിരുന്നു പ്രാചീനമായിരുന്നത്, സ്വർഗ്ഗമായിരുന്നത്. അവിടെ മറ്റൊരു ധർമ്മവും ഉണ്ടായിരുന്നില്ല. ഈ കാര്യങ്ങളെല്ലാം ബാബ തന്നെയാണ് മനസ്സിലാക്കി തരുന്നത്. നിങ്ങൾ സർവ്വരും ഇപ്പോൾ ശ്രവണകുമാരൻമാരും കുമാരികളുമായി തീരുന്നു. നിങ്ങൾ സർവ്വരെയും ജ്ഞാനത്തിന്റെ കാവടിയിൽ ഇരുത്തണം.(ശ്രവണ കുമാരൻ തന്റെ മാതാ പിതാക്കളെ കാവടിയിൽ ഇരുത്തി തീർത്ഥാടനത്തിനു കൊണ്ടുപോയതുപോലെ) നിങ്ങൾ തന്റെ സർവ്വ മിത്രസംബന്ധികൾക്കും ജ്ഞാനം നല്കി അവരെ ഉയർത്തണം. ബാബയുടെയടുത്തേക്ക് പതി-പത്നിമാർ ഒരുമിച്ചും വരുന്നുണ്ട്. നേരത്തെ ഭൗതിക ബ്രാഹ്മണരിലൂടെ വിവാഹം ചെയ്യിക്കുമായിരുന്നു. ഇപ്പോൾ നിങ്ങൾ ആത്മീയ ബ്രാഹ്മണർ കാമ വികാരത്തിന്റെ കെട്ട് വിച്ഛേദിക്കുന്നു. ബാബയുടെയടുത്ത് വരുമ്പോൾ ബാബ ചോദിക്കുന്നുണ്ട്- സ്വർഗ്ഗത്തിലേക്ക് പോകില്ലേ എന്ന്. ചിലർ പറയുന്നു- ഞങ്ങൾക്ക് സ്വർഗ്ഗം ഇവിടെ തന്നെയാണ് എന്ന്. ഇത് അല്പകാലത്തെ സ്വർഗ്ഗമല്ലേ. ഞാൻ നിങ്ങൾക്ക് 21 ജന്മത്തേക്ക് സ്വർഗ്ഗം നല്കാം, എന്നാൽ ആദ്യം പവിത്രമായിരിക്കണം. ഈ കാര്യത്തിലാണ് ശക്തിഹീനമാകുന്നത്. പരിധിയില്ലാത്ത ബാബ പറയുന്നു-ഈ അന്തിമ ജന്മം ജ്ഞാന ചിതയിലിരിക്കൂ. കൂടുതലും സ്ത്രീകളാണ് പെട്ടെന്ന് വരുന്നത്. ചിലർ പറയുന്നു- പതി പരമേശ്വരനെ എങ്ങനെ പിണക്കും.

ബാബയുടേതായിയെങ്കിൽ ഓരോ ചുവടിലും ശ്രീമത്തനുസരിച്ച് നടക്കണം. ഇപ്പോൾ ബാബ വന്നിരിക്കുകയാണ് സ്വർഗ്ഗത്തിന്റെ അധികാരിയാക്കുന്നതിന്. പവിത്രമാകുന്നത് നല്ലതാണ്. കുലത്തിന്റെ പേര് കളങ്കപ്പെടുത്തുന്നവരാകരുത്. അച്ഛൻ പറയുമല്ലോ! ലൗകീക അച്ഛനാണെങ്കിൽ ചാട്ടവാറെടുത്ത് അടിക്കും. മമ്മ എത്ര മധുരമാണ്. വളരെ മധുരവും ദയാമനസ്കരുമാകണം. ബാബ പറയുന്നു- കുട്ടികളെ നിങ്ങൾ എന്നെ വളരെയധികം ആക്ഷേപിച്ചു. ഇപ്പോൾ ഞാൻ അപകാരികളുടെ മേൽ പോലും ഉപകാരം ചെയ്യുന്നു. എനിക്കറിയാം രാവണന്റെ നിർദ്ദേശമനുസരിച്ചാണ് ഈ ഗതിയുണ്ടായത്. ഓരോ സെക്കന്റും കഴിഞ്ഞു പോയത് ഡ്രാമയാണ്. എന്നാൽ ഭാവിയിലേക്ക് എന്റെ സമ്പാദ്യം മോശമാകാതിരിക്കാൻ ശ്രദ്ധിക്കണം. ഓരോരുത്തരും അവരവരുടെ പ്രജകളെ ഉണ്ടാക്കണം, അവകാശികളെയും ഉണ്ടാക്കണം. മുരളി ഒരിക്കലും മുടക്കരുത്. ഒരു പോയിന്റും നഷ്ടപ്പെടരുത്. നല്ല നല്ല ജ്ഞാനരത്നങ്ങൾ കേട്ടില്ല, നഷ്ടപ്പെട്ടുവെങ്കിൽ എങ്ങനെ ധാരണ ചെയ്യും. നിത്യേന വരുന്ന വിദ്യാർത്ഥികൾ ഒരിക്കലും മുരളി മുടക്കില്ല. പരിശ്രമിച്ച് ദിവസവും മുരളി പഠിക്കണം. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

### ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) തന്റെ സമ്പാദ്യം മോശമാകാതിരിക്കാൻ വളരെയധികം ശ്രദ്ധിക്കണം.ഒരിക്കലും കുലത്തിന്റെ പേര് കളങ്കപ്പെടുത്തരുത്. ദിവസവും പഠിക്കണം, പഠിപ്പ് മുടക്കരുത്.

2) ശ്രവണകുമാർ കുമാരിയായി സർവ്വരെയും ജ്ഞാനത്തിന്റെ കാവടിയിൽ ഇരുത്തണം. മിത്രസംബന്ധികൾക്കും ജ്ഞാനം നല്കി അവരുടെയും മംഗളം ചെയ്യണം.

### വരദാനം:- തന്റെ കർത്തവ്യത്തിന്റെ സ്മൃതിയിലൂടെ മനസ്സിനെ നിയന്ത്രിക്കുന്ന രാജയോഗിയായി ഭവിക്കട്ടെ.

അമൃതവേളയിലും മുഴുവൻ ദിവസത്തിലും ഇടക്കിടക്ക് തന്റെ കർത്തവ്യത്തെ സ്മൃതിയിൽ കൊണ്ടുവരൂ അതായത് ഞാൻ രാജയോഗിയാണ്. രാജയോഗിയുടെ സീറ്റിൽ സെറ്റായിരിക്കൂ. രാജയോഗി എന്നാൽ രാജാവ്. അവരിൽ നിയന്ത്രിക്കാനും ഭരിക്കാനുമുള്ള ശക്തി ഉണ്ടായിരിക്കും. അവർക്ക് ഒരു സെക്കന്റിൽ മനസ്സിനെ നിയന്ത്രിക്കാൻ കഴിയുന്നു. അവർ ഒരിക്കലും തന്റെ സങ്കൽപം, വാക്ക്, കർമ്മം ഇവ വ്യർത്ഥമാക്കിക്കളയുകയില്ല. അഥവാ ആഗ്രഹിച്ചിട്ടും വ്യർത്ഥം നടക്കുന്നുവെങ്കിൽ അവരെ നോളേജ്ഫുൾ അഥവാ രാജാവെന്ന് പറയില്ല.

### സ്ലോഗൻ:- സ്വയത്തിനുമേൽ രാജ്യം ഭരിക്കുന്നവർ തന്നെയാണ് സത്യമായ സ്വരാജ്യ അധികാരി.

**മാതേശ്വരി ജിയുടെ അമൂല്യ മഹാവാകൃങ്ങൾ–**

## “ഈ അവിനാശീ ജ്ഞാനത്തിന് അനേകം പേര് വെച്ചിട്ടുണ്ട്.”

ഈ അവിനാശീ ജ്ഞാനത്തിന് അനേകം പേര് വെച്ചിട്ടുണ്ട്. ചിലർ ഈ ജ്ഞാനത്തെ അമൃതെന്നും പറയുന്നു, ചിലർ ജ്ഞാനത്തെ അഞ്ജനമെന്നും വിളിക്കുന്നു. ജ്ഞാനാഞ്ജനം ഗുരു നൽകി എന്ന് ഗുരുനാനാക്ക് പറഞ്ഞു, ചിലർ പിന്നെ ജ്ഞാന വർഷമെന്നും പറയുന്നു, എന്തുകൊണ്ടെന്നാൽ ഈ ജ്ഞാനത്തിലൂടെ തന്നെയാണ് ഈ മുഴുവൻ സൃഷ്ടിയും ഹരിതാഭമാകുന്നത്. എത്ര തന്നെ തമോപ്രധാനമായ മനുഷ്യരും സതോഗുണീ മനുഷ്യരാകുന്നു, മാത്രമല്ല ജ്ഞാനാഞ്ജനത്തിലൂടെ അന്ധകാരം വിട്ടകലുന്നു. ഇതേ ജ്ഞാനത്തെ പിന്നെ അമൃതെന്നും പറയുന്നു, ഇതിലൂടെ ആരെല്ലാം അഞ്ചുവികാരങ്ങളുടെ അഗ്നിയിൽ ജ്വലിച്ചുകൊണ്ടിരിക്കുന്നുവോ അവരെ ശീതളമാക്കുന്നു. നോക്കൂ, ഗീതയിൽ പരമാത്മാവ് വ്യക്തമായി പറയുന്നു– കാമേഷു, ക്രോധേഷു...അതിൽ തന്നെ ആദ്യത്തെ മുഖ്യമായതാണ് കാമം, അത് തന്നെയാണ് അഞ്ച് വികാരങ്ങളിൽ മുഖ്യബീജം. ബീജത്തിലൂടെ പിന്നെ ക്രോധം, മോഹം, അഹങ്കാരം , ലോഭം എന്നീ വൃക്ഷം വളരുന്നു, അതിലൂടെ മനുഷ്യരുടെ ബുദ്ധി ഭ്രഷ്ടമായിപ്പോകുന്നു. ഇപ്പോൾ അതേ ബുദ്ധിയിൽ  തന്നെ ജ്ഞാനത്തിന്റെ ധാരണയുണ്ടാകുന്നു. എപ്പോൾ ജ്ഞാനത്തിന്റെ ധാരണ ബുദ്ധിയിൽ പൂർണ്ണമാകുന്നുവോ അപ്പോഴേ വികാരങ്ങളുടെ ബീജം നശിക്കൂ. സന്യാസിമാർ കരുതുന്നത് വികാരങ്ങളെ വശപ്പെടുത്തുന്നത് വളരെ കഠിനമായ കാര്യമാണെന്നാണ്. ഇപ്പോൾ ഈ ജ്ഞാനം സന്യാസിമാരിൽ ഇല്ലേയില്ല. അപ്പോൾ അങ്ങനെയുള്ള ശിക്ഷണം എങ്ങനെ കൊടുക്കും? കേവലം ഇത്രയും പറയും–നിയമപ്രകാരം ഇരിക്കൂ എന്ന്. എന്നാൽ യഥാർത്ഥ മര്യാദ എന്തായിരുന്നു? ആ നിയമം ഈയിടെയായി ലംഘിക്കപ്പെട്ടിരിക്കുന്നു. എവിടെ ആ സത്യ ത്രേതായുഗീ ദേവീ ദേവതകളുടെ മര്യാദ? ഗൃഹസ്ഥ വ്യവഹാരത്തിലിരുന്നുകൊണ്ടും എപ്രകാരം നിർവ്വികാരി പ്രവർത്തി മാർഗ്ഗത്തിൽ ഇരുന്നിരുന്നു. ഇപ്പോൾ ഈ സത്യമായ മര്യാദകളെല്ലാം എവിടെ? ഇക്കാലത്താണെങ്കിൽ തല കീഴായ വികാരീ മര്യാദകൾ പാലിച്ചുകൊണ്ടിരിക്കുന്നു, പരസ്പരം പറഞ്ഞുകൊണ്ടുമിരിക്കന്നു, നിയമപ്രകാരം നടക്കൂ എന്ന്. മനുഷ്യന്റെ പ്രഥമ കർത്തവ്യം എന്താണ്, ഇതാണെങ്കിൽ ആർക്കും തന്നെ അറിയില്ല, നിയമപ്രകാരം നടക്കൂ, കേവലം ഇത്രമാത്രം പറഞ്ഞു നടക്കുന്നു. മറിച്ച് ഇത്ര പോലും അറിയില്ല അതായത് മനുഷ്യന്റെ പ്രഥമ മര്യാദ എന്താണെന്ന്. മനുഷ്യന്റെ പ്രഥമ മര്യാദയാണ് നിർവ്വികാരിയായിരിക്കുക. അഥവാ ആരോടെങ്കിലും ഈ നിയമം പാലിക്കാൻ സാധിക്കുമോ എന്ന് ചോദിച്ചാൽ അപ്പോൾ പറയും ഇക്കാലത്ത് ഈ കലിയുഗീ ലോകത്ത് നിർവ്വികാരിയായി രിക്കാനുള്ള ധൈര്യമില്ല എന്ന്. ഇപ്പോൾ മര്യാദ പാലിക്കൂ, നിർവ്വികാരിയായിരിക്കൂ എന്നൊക്കെ വായ് കൊണ്ട് പറയുന്നതിലൂടെയൊന്നും നിർവ്വികാരിയായിരിക്കാൻ സാധിക്കില്ല. നിർവ്വികാരിയാകുന്നതിന് വേണ്ടി ആദ്യം ഈ ജ്ഞാനവാൾ കൊണ്ട് ഈ അഞ്ച് വികാരങ്ങളുടെ ബീജത്തെ നശിപ്പിക്കൂ അപ്പോഴേ വികർമ്മങ്ങൾ ഭസ്മമാകൂ. ഓം ശാന്തി.